(സി) ഏതാനും വർഷങ്ങളായി മൂന്നാം സ്ലാബ് പ്രകാരം ഇലക്ട്രിസിറ്റി ചാർജ്ജ് അടച്ചുകൊണ്ടിരിക്കുന്ന ഒരു ഉപഭോക്താവിന് ഇതിന് ആനുപാതികമായിട്ടുള്ള അളവിൽ വൈദ്യുതി ഉപയോഗിച്ചിട്ടില്ലെങ്കിൽ അധികമായി അടച്ച പണം മടക്കി നൽകുകയോ തുടർന്നുവരുന്ന ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്യുമോ;

(ഡി) മൂന്നാം സ്ലാബിൽ നിന്നും രണ്ടാം സ്ലാബിലേക്ക് മാറ്റി കിട്ടുന്നതിനുള്ള നടപടിക്രമം എന്താണ്; ഇതിന് ബോർഡ് ഉദ്യോഗസ്ഥർ വൈമുഖ്യം കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പ്രൊവിഷണൽ ഇൻവോയിസ് കാർഡ് പ്രകാരം അടച്ച തുക ആറുമാസം കൂടുമ്പോൾ റീഡിംഗ് എടുത്ത് യഥാർത്ഥ ഉപഭോഗത്തിനുള്ള തുകയേക്കാൾ കൂടുതലാണെങ്കിൽ അപ്രകാരം അടച്ച അധിക തുക ഉപഭോക്താക്കൾക്ക് വരും മാസങ്ങളിലെ ബില്ലുകളിൽ തട്ടിക്കിഴിക്കുന്നതാണ്.

(ബി) 41,002 പേർക്ക്.

(സി)&(ഡി) ഇപ്പോൾ സ്ലാബ് സിസ്റ്റം നിലവിലില്ല.

**എസ്.എൻ.സി. ലാവലിൻ കമ്പനിയുമായി കെ.എസ്.ഇ.ബി.ക്കുള്ള കരാർ**

**107 (3508)**പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 മാർച്ച് 1 വരെ ക്യാനഡ ആസ്ഥാനമായുള്ള എസ്.എൻ.സി. ലാവലിൻ കമ്പനിയുമായി കെ.എസ്.ഇ.ബി. ഏതെല്ലാം വർക്കുകൾക്കാണ് കരാർ ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എസ്.എൻ.സി. ലാവലിൻ കമ്പനി കെ.എസ്.ഇ.ബി.യുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകളിൽ ഓരോ വർക്കിനും വേണ്ടിവരുന്ന തുകയെ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്പനിക്ക് കൊടുത്ത വർക്കുകളിൽ ഏതിനെല്ലാമാണ് ടെണ്ടർ വിളിച്ചിരുന്നത്;

(ഡി) ഓരോ ടെണ്ടറിലും ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തതെന്നും അവർ എന്ത് തുക വീതമാണ് കോട്ട് ചെയ്തിരുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എൻ.സി. ലാവലിൻ കമ്പനിയുമായി കെ.എസ്.ഇ.ബി. പുതിയ കരാറുകളൊന്നും ഉണ്ടാക്കിയിട്ടില്ല.

(ബി) ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ മൊത്തം കരാർ തുക താഴെപ്പറയും പ്രകാരമാണ്.

1. കുറ്റ്യാടി എക്സ്റ്റൻഷൻ - 3,13,08.356 കനേഡിയൻ ഡോളർ

LIBRARY ARCHIVES Kerala Legislative Assembly

2. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം

പദ്ധതികളുടെ നവീകരണം – 5,99,48.740 കനേഡിയൻ ഡോളർ

(സി)&(ഡി) ടെണ്ടർ വിളിച്ചിരുന്നില്ല. കുറ്റ്യാടി എക്സ്റ്റൻഷനുവേണ്ടി 29.8.95-ലെ എഗ്രിമെന്റിന്റേയും പന്നിയാർ, ചെങ്കുളം, പള്ളിവാസൽ നവീകരണത്തിനുവേണ്ടി 10.8.1995-ലെ എം.ഒ.യു.ന്റേയും 24.2.96-ലെ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് വർക്കുകൾ കൊടുത്തത്.

**പുതിയ കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ**

**108 (3509)**ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ തുകകൾ കെ.എസ്.ഇ.ബി. ഓഫീസുകളിൽ അടയ്ക്കുന്നതിനും ഓഫീസ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനത്ത് ഏകീകൃത സ്വഭാവം നിലനിർത്തുമോ?

ഉത്തരം

(എ) പുതിയ കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാനും, തുകകൾ അടയ്ക്കാനും, പരമാവധി കാലതാമസം ഒഴിവാക്കിക്കൊണ്ടുള്ള നടപടിക്രമമാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളത്. നിശ്ചിതഫോറത്തിൽ വയറിംഗിനുള്ള അപേക്ഷ സെക്ഷൻ ഓഫീസിൽ നൽകിയാൽ 8 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് വയറിംഗിനുള്ള പെർമിഷൻ നൽകേണ്ടതാണ്. വയറിംഗ് പൂർത്തീകരിച്ചശേഷം കംപ്ലീഷൻ റിപ്പോർട്ട്, ടെസ്റ്റ് റിപ്പോർട്ട് എന്നിവ അസിസ്റ്റന്റ് എഞ്ചിനീയറുടെ മുമ്പിൽ ഹാജരാക്കിയാൽ ഉടൻതന്നെ ആപ്ലിക്കേഷൻ ഫീ അടയ്ക്കാവുന്നതാണ്. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുൻഗണനാക്രമമനുസരിച്ച് പരിശോധിക്കുകയും സർവ്വീസ് കണക്ഷൻ ചാർജും സി.ഡി.യും അടയ്ക്കേണ്ടനോട്ടീസ് തപാലിൽ അയയ്ക്കുന്നതുമാണ്. അപേക്ഷകൻ തുക അടക്കുന്നതോടെ കൺസ്യൂമർ നമ്പർ ലഭിക്കുകയും, മുൻഗണനാക്രമത്തിൽ കണക്ഷൻ നൽകുകയും ചെയ്യുന്നു. മുൻഗണനാക്രമം തെറ്റിക്കാതെയും അനാവശ്യമായ കാലതാമസം ഒഴിവാക്കാനും നിലവിലുള്ള സംവിധാനംകൊണ്ട് കഴിക്കേണ്ടതാണ്.

(ബി) സംസ്ഥാനത്ത് ഇക്കാര്യത്തിൽ ഏകീകൃത നടപടിക്രമമാണ് നിലവിലുള്ളത്.

**മിനി ഹൈഡൽ പദ്ധതി**

**109 (3510)**ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യമേഖലയിൽ മിനി ഹൈഡൽ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly